**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 12 — 03.02.2020 - ൽ മറുപടിക്ക്.

**ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം**<br>**,, കെ.എൻ.എ ഖാദർ**<br>**,, പാറക്കൽ അബ്ദുല്ല**<br>**,, പി.കെ.ബഷീർ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** 'ഒരു രാജ്യം ഒരു റേഷൻ കാർഡ്' പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;<br><br>**(ബി)** ഈ പദ്ധതി നടപ്പിലാക്കുന്നത് മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ഗുണങ്ങൾ/സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;<br><br>**(സി)** പദ്ധതി പരിചയപ്പെടുത്തുന്നതിനും ജനങ്ങൾക്ക് ഇത് സംബന്ധിച്ച ബോധവത്ക്കരണത്തിനും വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | **(എ) യും (ബി) യും (സി) യും** ഉണ്ട്. ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (IMPDS) എന്ന പദ്ധതി 2020 ജനുവരി 1 മുതൽ കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിൽ നിലവിൽ വന്നതിന്റെ ഭാഗമായി ഈ സംസ്ഥാനങ്ങളിലെ എ.എ.വൈ/മുൻഗണനാ കാർഡിലെ അംഗങ്ങൾക്ക് നിലവിൽ ഈ 12 സംസ്ഥാനങ്ങളിൽ നിന്നും ഭാവിയിൽ രാജ്യത്തെ ഏത് റേഷൻകടയിൽ നിന്നും റേഷൻ വാങ്ങാൻ സാധിക്കും. കേരളത്തിനു പുറമേ ആന്ധ്രാപ്രദേശ്, ഗോവ, ഗുജറാത്ത്, ഹരിയാന, ജാർഖണ്ഡ്, കർണാടക, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തെലങ്കാന, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ നിലവിൽ ഇന്റർ-സ്റ്റേറ്റ് പോർട്ടബിലിറ്റി ആരംഭിച്ചിട്ടുണ്ട്. രാജ്യത്തെവിടെയും തിരിച്ചറിയാവുന്ന വിധം പ്രത്യേക റേഷൻ കാർഡ് നമ്പർ ഓരോരുത്തർക്കും ലഭിക്കും. തൊഴിൽ സംബന്ധമായും മറ്റും ഇതര സംസ്ഥാനങ്ങളിലേക്ക് കുടിയേറുന്നവർക്ക് ഈ പദ്ധതി സഹായകരമാണ്. സംസ്ഥാനത്തെ മൊബൈൽ നമ്പർ ലഭ്യമായ എല്ലാ കാർഡുടമകൾക്കും ഇതു സംബന്ധിച്ച എസ്.എം.എസ് സന്ദേശം നല്കിയിട്ടുണ്ട്. ഇതിനകം കേരളത്തിൽ നിന്ന് കർണാടക, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ 37 കാർഡുടമകൾ ഈ സൗകര്യം ഉപയോഗിച്ച് റേഷൻ വാങ്ങിയിട്ടുണ്ട്. |
| **(ഡി)** പദ്ധതി നടപ്പാക്കുന്നത് മൂലം സംസ്ഥാന സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള അധിക സാമ്പത്തിക ബാധ്യത വരുന്നുണ്ടോ; വിശദമാക്കാമോ; | **(ഡി)** പദ്ധതി പൂർണ്ണമായും നടപ്പാക്കുമ്പോൾ ഭക്ഷ്യധാന്യങ്ങളുടെ ട്രാൻസ്പോർട്ടേഷൻ, റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുടങ്ങിയ ഇനങ്ങളിൽ സംസ്ഥാന സർക്കാർ ചെലവാക്കേണ്ടതായി വരുന്ന കാര്യങ്ങൾ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| **(ഇ)** | ഈ പദ്ധതിക്ക് വേണ്ടി കേന്ദ്രസർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | **(ഇ)** | ഉണ്ട്. ഇന്റർ സ്റ്റേറ്റ് പോർട്ടബിലിറ്റി ഉൾപ്പെടെ IMPDS (Integrated Management of Public Distribution System)നടപ്പാക്കുന്നതിന് കേന്ദ്രം 93,53,500/-രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ 60% (56,12,100 രൂപ) റിലീസ് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**